ശ്രീ. ആർ. ശങ്കർ : ഇപ്പോഴത്തെ നഴ്സറി സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കാണ് പരിശീലനം കൊടുക്കുന്നത്. ചെറിയ കുട്ടികളെ പഠിപ്പിക്കുന്നതിനു ആശാന്മാരെക്കാളും നല്ലത് ആശാട്ടിമാരാണ്. അതുകൊണ്ട് ആശാട്ടിമാർക്കാണ് ട്രെയിനിംഗ് കൊടുക്കുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ് : ട്രെയിനിംഗ് സ്കൂളുകളിൽ എത്രകാലത്തെ പരിശീലനമാണ് കൊടുക്കുന്നത്? മേൽപറഞ്ഞ മൂന്ന് ട്രെയിനിംഗ് സ്കൂളുകളിൽ നിന്നും പരിശീലനം ലഭിച്ച് പുറത്ത് വന്നിട്ടുള്ളവർ എത്രപേരുണ്ട് ?

ശ്രീ. ആർ. ശങ്കർ : പ്രത്യേക നോട്ടീസ് ചോദിക്കണം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : നഴ്സറി സ്കൂളുകളിൽ ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരെ പഠിപ്പിക്കാൻ പാടുള്ളുവെന്നുണ്ട്. എങ്കിൽ മാത്രമേ ആ സ്കൂളിനു ഗവണ്മെന്റിൽനിന്നും ഗ്രാന്റു ലഭിക്കുകയുള്ളു എന്നാൽ ഇതിനു യോഗ്യതയില്ലാത്തവരെ കിട്ടാത്തതുകൊണ്ട് പല സ്കൂളുകളിലും അൺ ട്രെയിൻഡ് ടീച്ചേഴ്സിനെയാണ് നിയമിച്ചിട്ടുള്ളത്. അവർക്കു ഇതുവരെയും എക്സംപ്ഷൻ കൊടുക്കുകയോ ആ സ്കൂളിനു ഗ്രാന്റു കൊടുക്കുകയോ ചെയ്തിട്ടില്ലയെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെയുള്ളവരുടെ കാര്യം ഇക്കൊല്ലമെങ്കിലും പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : സത്യം പറഞ്ഞാൽ നഴ്സറി സ്കൂളുകളിൽ ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരുള്ളതിനപ്പോലും ഗ്രാന്റുകൊടുക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള കാരണം സാമ്പത്തികമായ പരാധീനതയാണ്, യോഗ്യതയുള്ള അദ്ധ്യാപകന്മാർ ഉണ്ടെങ്കിൽപോലും ഗ്രാന്റു കൊടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയുണ്ട്, യോഗ്യതയില്ലാത്തവരുടെ കാര്യം പരിഗണിക്കാൻ പോലും നിവൃത്തിയില്ല.

ഹൈസ്കൂളുകളിലെ ഹെഡ്ടീച്ചർമാർ

* 480. [15] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ നിന്നും ഡിസ്ട്രിക്റ്റ്ബോർഡിൽ നിന്നും ഗവണ്മെന്റ് ഏറ്റെടുത്ത എത്ര സ്കൂളുകളിലെ ഹെഡ്ടീച്ചർമാരെ തരം താഴ്ത്തീട്ടുണ്ട് ;

(ബി) പരീക്ഷായോഗ്യതയും വളരെ കാലത്തെ സർവ്വീസുമുള്ള 29 ടീച്ചർമാരെ പെൻഷൻപറഞ്ഞ് പിരിയാറായ ഘട്ടത്തിൽ റിവർട്ട് ചെയ്തിട്ടുണ്ടോ ,

(സി) അവർക്കുപകരം, "ഗ്രേഡഡ്" പോസ്റ്റിൽ താരതമ്യേന ചെറുപ്പക്കാരും ചിലപ്പോഴും മറ്റവരേക്കാൾ കുറഞ്ഞ ശമ്പളം വാങ്ങുന്നവരുമായ ടീച്ചർമാരെ പ്രമോട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) 150-250 സ്കെയിലിൽ സർവ്വീസും, പരീക്ഷായോഗ്യതയും കൂടുതൽ ശമ്പളവും ഉള്ള ടീച്ചർമാരെ റിവർട്ട് ചെയ്യാതെ, അവരുടെ ഗ്രേയിഡും ഗ്രേഡഡ് ആക്കാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 150-250 രൂപ സ്കെയിലിൽ നോൺഗ്രേഡഡ് ഹെഡ്മാസ്റ്റർമാരായിരുന്ന 38 പേരെ അതേ ശമ്പളത്തിൽ തന്നെ ഒന്നാംഗ്രേഡ് ടീച്ചർമാരായി മാറ്റി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) നിശ്ചിത യോഗ്യതയുടെയും, 150-250 ശ്രേ സ്കെയിലിലുള്ള ഒന്നാംഗ്രേഡ് അദ്ധ്യാപകർ നോൺ ഗസറ്റഡ് ഹെഡ്മാസ്റ്റർമാർ എന്നീ തസ്തികകളിലെ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ മാത്രമേ പ്രമോഷൻ നൽകിയിട്ടുള്ളൂ. സീനിയോറിറ്റി കണക്കാക്കുന്നതു് മൊത്തം സർവ്വീസിന്റെയും പ്രായത്തിന്റെയും അടിസ്ഥാനത്തിലല്ലാത്തതിനാൽ അൽപ്പം പ്രായക്കൂടുതലുള്ളവരും എന്നാൽ 150-250 ശ്രേ സ്കെയിലിൽ കൂടുതൽ സർവ്വീസുള്ളവരും പ്രമോട്ടചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഇവരെ അതേശമ്പളത്തിൽതന്നെ മാറ്റിനിയമിക്കുകമാത്രമേ ചെയ്തിട്ടുള്ളൂ എന്നതിനാലും, ഇപ്പോഴും തന്നെ എല്ലാ സ്കൂളുകളിലും ഗസറ്റഡ് ഹെഡ്മാസ്റ്റർമാരെ നിയമിച്ചുകഴിഞ്ഞിട്ടുള്ളതിനാലും ഇവരുടെ ഗ്രേഡ് ഗസറ്റഡ് ആക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ: കേരളം രൂപീകരിക്കുന്നതിനുമുമ്പു തിരുവിതാംകൂർ കൊച്ചി ഭാഗത്തുള്ള അദ്ധ്യാപകന്മാക്കു് കുറച്ചു ഉയർന്ന സ്കെയിലും മലബാർ ഭാഗത്തുള്ള അദ്ധ്യാപകന്മാക്കു് കുറച്ചു താണ സ്കെയിലുമാണു് ലഭിച്ചുകൊണ്ടിരുന്നതു്. കേരളം രൂപീകരിച്ചതിനുശേഷം രണ്ടു ഭാഗത്തുമുള്ള സ്കെയിലുകളും ഇകോറു ചെയ്തപ്പോൾ മലബാർ ഭാഗത്തുള്ള അദ്ധ്യാപകന്മാരുടെ സർവ്വീസു് നഷ്ടപ്പെടാൻ ഇടവന്നിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ ഇൻറഗ്രേഷനിൽ സ്വീകരിച്ചിട്ടുള്ള തത്വങ്ങളെ പരോക്ഷമായി ചോദ്യം ചെയ്യുകയാണു്. ഞാൻ അതിനെപ്പറ്റി കൂടുതലായിട്ടു പറയുന്നില്ല. എങ്കിലും അതിനെപ്പറ്റിയുള്ള യാഥാർത്ഥ്യം ഞാൻ പറയാം. ഇതിൽ ചെയ്തിട്ടുള്ളതു് ഒന്നാം ഗ്രേഡ് അദ്ധ്യാപകന്മാരെ ഗസറ്റഡ് പോസ്റ്റിൽ ഹെഡ്മാസ്റ്റർമാരായി പ്രമോട്ട ചെയ്തപ്പോൾ, അതിനു തൊട്ടു പുറകിലെ ഗ്രേഡിലുള്ള അദ്ധ്യാപകന്മാരുടെ സർവ്വീസും നോക്കി, ഏറ്റവും കൂടുതൽ സർവ്വീസുള്ളവരെ ഒന്നാം ഗ്രേഡ് അദ്ധ്യാപകന്മാരായി നിയമിച്ചു. തിരുവിതാംകൂർ കൊച്ചി ഭാഗത്തുള്ള ഇൻകംപ്രീറഡ് സ്കൂളിലുള്ള അദ്ധ്യാപകന്മാർ ഹെഡ്മാസ്റ്റർമാരായിട്ടുണ്ടു്. പ്രൈവറ്റുസ്കൂളിലും അതേഗ്രേഡിലുള്ള അദ്ധ്യാപകന്മാർ ഹെഡ്മാസ്റ്റർമാരായിരിക്കുകയാണു്. അതിനുള്ള അനുവാദമുണ്ടു്. ഫോംഫീഡ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാക്കു് 250—400 എന്നുള്ള സ്കെയിൽ അംഗീകരിച്ചിട്ടുണ്ടു്. മലബാർ ഡിസ്ട്രിക്റ്റു ബോഡിന്റെ കീഴിലുള്ള സ്കൂളുകൾ ഗവണ്മെന്റിലേക്കു് എടുത്തപ്പോൾ അവിടത്തെ ഹെഡ്മാസ്റ്റർമാരുടെ സ്കെയിൽ 150—250 ആയിരുന്നു. അങ്ങനെ ഒന്നാം ഗ്രേഡിലുള്ള ഹെഡ്മാസ്റ്റർമായായാലും ശരി, ഒന്നാം ഗ്രേഡിലുള്ള അദ്ധ്യാപകന്മാരായാലും ശരി ഏറ്റവും കൂടുതൽ സർവ്വീസുള്ളവരെ നോക്കി 250—400 സ്കെയിലിലുള്ള ഹെഡ്മാസ്റ്റർമാരായി നിയമിച്ചു. അപ്പോൾ 150-250 സ്കെയലിൽ ഹെഡ്മാസ്റ്റർമാരായിരുന്ന ചിലക്കു് ഹെഡ്മാസ്റ്ററായി തുടരാൻ നിവൃത്തിയില്ലാതായി.

ശ്രീമതി ഓ. ടി. ശാരദാകുട്ടൻ: 150-250 സ്കെയിലിൽ സർവ്വീസും പരീക്ഷായോഗ്യതയും ഉള്ള എത്ര ഹെഡ്മാസ്റ്റർമാരെ നിവർത്ത ചെയ്തിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും പറയാമോ.

ശ്രീ. ആർ. ശങ്കർ : 38 അദ്ധ്യാപകന്മാരെ നിവർത്ത ചെയ്തിട്ടുണ്ടു്. അവർ ആരൊക്കെയാണെന്നു പ്രത്യേകം ചോദിക്കാതെ പറയാൻ നിവൃത്തിയില്ല.

സഹകാര്യബസ്സുടമകളുടെ പണിമുടക്കം.

* 481. [16] † ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിലെ സഹകാര്യ ബസ്സുടമകൾ ഒരു ദിവസം പ്രതിഷേധസൂചകമായി തങ്ങളുടെ ബസ്സുകൾ ഓടിക്കുന്നതല്ലെന്നു ഗവണ്മെന്റിനെ അറിയിച്ചിരുന്നുവോ ;

† Put by Shri T. C. Narayanan Nambiar.

LIBRARY ARCHIVES Kerala Legislative Assembly